# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/61/2018 2018 മാർച്ച് 21

## പത്രക്കുറിപ്പ്

### അപേക്ഷാ തീയതി

ഒന്നാം വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷ ഏപ്രിൽ 18ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 23 വരെയും 50 രൂപ പിഴയോടെ 24 വരെയും 500 രൂപ സൂപ്പർഫൈനോടെ 26 വരെയും സ്വീകരിക്കും. പേപ്പറൊന്നിന് 20 രൂപ വീതം (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

മൂന്നാം സെമസ്റ്റർ എം.എച്ച്.എ., എം.പി.എച്ച്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 25ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടെ 31 വരെയും സ്വീകരിക്കും.

നാലാം വർഷ ബി.പി.ടി. (2008 മുതൽ അഡ്മിഷൻ) സ്പ്ലിമെന്ററി പരീക്ഷ ഏപ്രിൽ 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 28 വരെയും 50 രൂപ പിഴയോടെ 31 വരെയും 500 രൂപ സൂപ്പർഫൈനോടെ ഏപ്രിൽ 2 വരെയും സ്വീകരിക്കും. പേപ്പറൊന്നിന് 20 രൂപ വീതം (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

### പ്രാക്ടിക്കൽ

2018 മാർച്ച് മാസത്തിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) മൃദംഗം (കോർ) പ്രാക്ടിക്കൽ മാർച്ച് 26 മുതൽ 27 വരെയും, ഭരതനാട്യം, മോഹിനിയാട്ടം (കോർ), കഥകളി സംഗീതം (കോർ/കോംപ്ലിമെന്ററി) പ്രാക്ടിക്കൽ മാർച്ച് 27 മുതൽ 28 വരെയും തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### എം.ഫിൽ സംവരണ സീറ്റൊഴിവ്

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ എം.ഫിൽ സ്പെഷ്യൽ എജ്യൂക്കേഷൻ ആന്റ് റിഹാബിലിറ്റേഷൻ, ബിഹേവിയറൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (ഫുൾ ടൈം ആന്റ് പാർട്ട് ടൈം), ബിഹേവിയറൽ സയൻസസ് ആന്റ് റിഹാബിലിറ്റേഷൻ നഴ്സിംഗ് എന്നീ വിഷയങ്ങളിൽ എം.ഫിൽ പ്രവേശനത്തിന് എസ്.സി., എസ്.ടി., ഈഴവ, വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്ന ഓരോ ഒഴിവുകൾ ഉണ്ട്. താല്പര്യമുള്ളവർ മാർച്ച് 26ന് രാവിലെ 10.30ന് അസ്സൽ സർട്ടിഫിക്കറ്റുകളുമായി സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടറുടെ ഓഫീസിൽ ഹാജരാകണം.

### എം.ഫിൽ റാങ്ക് ലിസ്റ്റ്

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 2017 - 18ൽ നടത്തുന്ന എം.ഫിൽ എജ്യൂക്കേഷൻ പ്രോഗ്രാമിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി. യോഗ്യരായ വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഇന്ന് (മാർച്ച് 22) രാവിലെ 10 മണിക്ക് സ്കൂൾ ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.

### പരീക്ഷാഫലം

2017 നവംബറിൽ നടന്ന ബി.ടെക് ഏഴാം സെമസ്റ്റർ (റഗുലർ/സപ്ലിമെന്ററി), എട്ടാം സെമസ്റ്റർ (സപ്ലിമെന്ററി)പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 5 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.ബി.എ., ബി.ബി.എം, ബി.സി.എ., ബി.എസ്.ഡബ്ല്യു., ബി.എഫ്.ടി., ബി.ടി.എസ്., ബി.പി.ഇ. (സി.ബി.സി.എസ്.എസ്., 2016 അഡ്മിഷൻ റഗുലർ, 2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണ

യത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 4 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി. (സി.ബി.സി.എസ്.എസ്. മോഡൽ 1, 2, 3 – 2016 അഡ്മിഷൻ റഗുലർ, 2013 – 2015 അഡ്മിഷൻ റീഅപ്പിയറൻസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 4 വരെ അപേക്ഷിക്കാം.

2017 ഒക്ടോബർ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ 4 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ്. മോഡൽ 1, 2, 3 – 2016 അഡ്മിഷൻ റഗുലർ, 2013 – 2015 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 5 വരെ അപേക്ഷിക്കാം.

**എം.ജി. പി.വി.സി.യ്ക്ക് കേന്ദ്രമന്ത്രി അവാർഡ് സമ്മാനിച്ചു**

അക്കാദമിക രംഗത്തെ തിളക്കമാർന്ന ഗവേഷണനേട്ടങ്ങൾക്കുള്ള അദ്ധ്യാപക ഗവേഷക അവാർഡിന് അർഹനായ മഹാത്മാഗാന്ധി സർവ്വകലാശാലാ പ്രോവൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന് ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര മാനവശേഷി വികസന വകുപ്പ് മന്ത്രി പ്രകാശ് ജാവദേകർ അവാർഡ് സമ്മാനിച്ചു. മെറ്റീരിയൽ സയൻസ് മേഖലയിൽ രാജ്യത്തിന് നൽകിയ സംഭാവനകൾ മുൻനിർത്തിയാണ് അദ്ദേഹം അവാർഡിന് തെരഞ്ഞെടുക്കപ്പെട്ടത്. പ്രശസ്ത വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശക കമ്പനിയായ കരിയേഴ്സ് 360 എന്ന സ്ഥാപനമാണ് അവാർഡ് ഏർപ്പെടുത്തിയത്.

**അടിക്കുറിപ്പ്**

**അദ്ധ്യാപക ഗവേഷക അവാർഡിന് അർഹനായ മഹാത്മാഗാന്ധി സർവ്വകലാശാലാ പ്രോവൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് കേന്ദ്ര മാനവശേഷി വികസന വകുപ്പ് മന്ത്രി പ്രകാശ് ജാവദേകറിൽ നിന്നും അവാർഡ് ഏറ്റുവാങ്ങുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**